100522
30/9/14

©
കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2014 ആഗസ്റ്റ് 25<br>25th August 2014<br>1190 ചിങ്ങം 9<br>9th Chingam 1190<br>1936 ഭാദ്രം 3<br>3rd Bhadra 1936 | നമ്പർ<br>No. 2127 |

## കേരള സർക്കാർ

### ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 28/2014/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2014 ആഗസ്റ്റ് 21 / 1190 ചിങ്ങം 5.*

**എസ്. ആർ. ഒ. നമ്പർ 511/2014.**—1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റ് (1969-ലെ 7) 1ബി വകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ടും 1974 ഏപ്രിൽ 30-ാം തീയതി 114885/ഒ. എൽ./72/പി.ഡി. ആയി പുറപ്പെടുവിച്ച വിജ്ഞാപനത്തെ ഭാഗികമായി മാറ്റം വരുത്തിക്കൊണ്ടും, കേരള സർക്കാർ ധനകാര്യം, തിരഞ്ഞെടുപ്പ്, വിനോദസഞ്ചാരം, വിവര പൊതുജന സമ്പർക്കം എന്നീ സെക്രട്ടേറിയറ്റ്- സർക്കാർ വകുപ്പുകളിലും, കേരള ഖാദി-ഗ്രാമ വ്യവസായ ബോർഡ്, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് (കാംകോ), കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കാഡ്കൊ), കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ചറിംഗ് ആന്റ് മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യു ഡവലപ്പമെന്റ്

കോർപ്പറേഷൻ ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സംസ്ഥാന പന ഉൽപ്പന്ന വികസന തൊഴിലാളി ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് (കെൽപാം), കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.റ്റി.ഡി.സി.), മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്, (എം.പി.ഐ), ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.ഐ.ഇ) കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്, കെൽട്രോൺ എലെക്ട്രോ സെറാമിക്സ് ലിമിറ്റഡ്, കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ലാൻഡ് ഡവലപ്പമെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അർബൻ ആന്റ് റൂറൽ ഡവലപ്പമെന്റ് ഫിനാൻസ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലും ദി കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ്, ചിറ്റൂർ എന്ന സഹകരണ സ്ഥാപനത്തിലും ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ടതാണെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും മലയാളം ഔദ്യോഗിക ഭാഷയായി ഉപയോഗിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. സുരേഷ്കുമാർ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്റ്റിലെ 1ബി വകുപ്പ് പ്രകാരം ഔദ്യോഗികാവശ്യങ്ങൾക്ക് മലയാളമോ ഇംഗ്ലീഷോ ഉപയോഗിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരമുണ്ട്. 1974 ഏപ്രിൽ 30-ാം തീയതി 114885/ഒ. എൽ/72/പി.ഡി. നമ്പരായി പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ഫയലുകളുടെ കുറിപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ വിവേചനത്തിൽ ഇംഗ്ലീഷിലോ മലയാളത്തിലോ ആയിരിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. ഇപ്പോൾ, 20 പൊതുമേഖലാ സ്ഥാപനങ്ങളിലും ഒരു സഹകരണ സ്ഥാപനത്തിലും നാല് സർക്കാർ വകുപ്പുകളിലും ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഉപയോഗിക്കേണ്ടതാണെന്ന് നിയമപരമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ, എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Personnel and Administrative Reforms (Official Language) Department**

NOTIFICATION

G. O. (P) No. 28/2014/P&ARD *Dated, Thiruvananthapuram,* *21st August, 2014*
*5th Chingam 1190.*

**S. R. O. No. 511/2014.**—In exercise of the powers conferred by section IB of the Kerala Official Languages Act, 1969 (7 of 1969), and in partial modification to the Notification issued as No. 114885/OL/72/PD dated 30th April 1974, the Government of Kerala hereby direct that Malayalam shall be used as the official language for all official purposes in the following Secretariat and Government Departments namely Finance, Election, Tourism, Information and Public Relations Departments, Public Sector Undertakings namely Kerala Khadi and Village Industries Board, Foam Mattings (India) Limited, Kerala Agro Machinery Corporation Limited (KAMCO), Kerala Artisan's Development Corporation Limited (KADCO), Kerala State Beverages (Manufacturing and Marketing) Corporation Limited, The Kerala State Cashew Development Corporation Limited, Kerala State Electronics Development Corporation Limited (Keltron), Kerala State Palmyrah Products Development and Workers Welfare Corporation Limited (Kelpalm), Kerala Tourism Development Corporation Limited (KTDC), Meat Products of India Limited (MPI), Overseas Development and Employment Promotion Consultants Limited, The Plantation Corporation of Kerala Limited, The Kerala State Industrial Enterprises Limited (KSIE), Keltron Component Complex Limited, Keltron Electro Ceramics Limited, Kerala Electrical and Allied Engineering Company Limited, Steel and Industrial Forgings Limited, The Kerala Agro Industries Corporation Limited, The Kerala Land Development Corporation Limited, Kerala Urban and Rural Development Finance Corporation Limited and One Co-operative Sector Undertaking namely the Co-operative Sugars Limited, Chittur, except where English and the Minority Languages of the State namely, Tamil and Kannada have to be used as official language, as provided by law.

By order of the Governor,

K. SURESHKUMAR,
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Section 1B of the Kerala Official Languages Act, 1969 empowers the Government to issue notification directing that Malayalam or English shall be used in respect of such official purposes as may be specified in the notification. As per notification No. 114885/ OL/72/PD dated 30th April 1974, the Government had notified to use English or Malayalam at the discretion of the concerned officer for writing notes in the files of the Government Secretariat. The Government have now decided to notify that Malayalam shall be used in the 20 Public Sector Undertakings, One Co-operative Sector Undertaking and 4 Government Departments, for all official purposes except where English and the Minority Languages of the State namely, Tamil and Kannada have to be used as official language, as provided by law.

This notification is intended to achieve the above object.